# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 527/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 527/2023 തീയ്യതി: 27/04/2023

## തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 13-04-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 13-04-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ (11.4.23 മുതൽ 13.4.23 വരെ)
ശ്രീമതി. പ്രവിദ പി.എ), അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം.ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ.സി , അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ സുരേന്ദ്രൻ, ഓഡിറ്റർ(10.4.23&11.4.23)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വേണു കണ്ഠരു മഠത്തിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. രാധാമണി. സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രതീഷ്.പി.ബി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജു യു .ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി മിനി ജോസഫ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ഷോബി ജോർജ് | മെഡിക്കൽ ഓഫീസർ സി എച്ച്.സി/സൂപ്രണ്ട് | 01-04-2021 | 19-10-2021 |
| ഡോ. സജീവൻ | മെഡിക്കൽ ഓഫീസർ സി എച്ച്.സി/സൂപ്രണ്ട് | 20-10-2021 | 31-12-2021 |
| ഡോ. ഷോബി ജോർജ് | മെഡിക്കൽ ഓഫീസർ സി എച്ച്.സി/സൂപ്രണ്ട് | 01-01-2021 | 31-03-2022 |
| ശ്രീ ഷാബു.ടി.ആർ. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 17-12-2021 |
| ശ്രീമതി . സുരജ പി.കെ | പട്ടിക ജാതി വികസന ഓഫീസർ | 18-12-2021 | 31-03-2022 |
| ശ്രീ.സെബിൻ.പി.എഫ്. | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സെബി വി.എ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 06-04-2021 |
| ശ്രീ.മനോജ്.പി. | വ്യവസായ വികസന ഓഫീസർ | 07-04-2021 | 23-08-2021 |
| ശ്രീ.സെബി വി.എ | വ്യവസായ വികസന ഓഫീസർ | 24-08-2021 | 22-09-2021 |
| ശ്രീ.മനോജ്.പി. | വ്യവസായ വികസന ഓഫീസർ | 23-09-2021 | 28-09-2021 |
| ശ്രീ.സെബി വി.എ | വ്യവസായ വികസന ഓഫീസർ | 29-09-2021 | 31-03-2022 |
| ശ്രീമതി.സൗമ്യ വർഗ്ഗീസ് | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2021 | 10-08-2021 |
| ശ്രീമതി ഷെർലി. എം.പി | ശിശുവികസന പദ്ധതി ഓഫീസർ | 11-08-2021 | 31-03-2022 |
| ശ്രീമതി. ജയന്തി ടി.ടി | ഫിഷറീസ് അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക | 1-8-1 |
| 9 | “280000000-Prior Period Item”- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-8-2 |
| 10 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-3 |
| 11 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-8-4 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല. | 1-8-5 |
| 13 | അഡ്വാൻസ് രജിസ്റ്റർ കൃത്യമല്ല | 1-8-6 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-7 |
| 15 | ഗ്രാന്റുപയോഗിച്ച് ആസ്തി നിർമാണം - " Capital Contribution” ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-8-8 |
| 16 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-8-9 |
| 18 | വാടക ഡിമാന്റ് രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-8-10 |
| 19 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-8-11 |
| 20 | രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-9 |
| 21 | വാടക പിരിവ് - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-10 |
| 22 | കുടുംബശ്രീ വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിൻ പശുവളർത്തൽ -അപാകതകൾ | 1-11 |
| 23 | പട്ടികജാതിവിദ്യാർത്ഥികൾക്കുള്ള പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 24 | പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല | 1-13 |
| 25 | ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചത് തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-14 |
| 26 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല | 1-15 |
| 27 | കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല | 1-16 |
| 28 | മുൻകൂർ തുക കൈമാറി; നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 1-17 |
| 29 | ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-18 |
| 30 | നിർമാണം പൂർത്തിയായ കെട്ടിടങ്ങൾ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. | 1-19 |
| 31 | ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടുകൾ-പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 288000236 | 278555640 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 28.02.2022, തീരുമാനം 1(3) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 250437619 | 241842156 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 11-5-22 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14090655.38 |
| വരവ് | 83870360.00 |
| ആകെ | 97961015.38 |
| ചെലവ് | 74736347.00 |
| നീക്കിയിരിപ്പ് | 23224668.38 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 10519689 | 10519689 | 24178077 | 4057612 |
| മെയിന്റനൻസ് ഫണ്ട് നോൺ -റോഡ്(ACR പ്രകാരം) | 0 | 1801652 | 1801652 | 5678650 | 5141002 |
| വികസന ഫണ്ട് – എസ് സി പി (ACR പ്രകാരം) | 0 | 6125789 | 6125789 | 13355597 | 2421592 |
| വികസനഫണ്ട് ടി എസ് പി (ACR പ്രകാരം) | 0 | 2190766 | 2190766 | 456332 | 1734434 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ACR പ്രകാരം) | 0 | 14091012 | 14091012 | 4804313 | 3799759 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | 0 | 14091012 | 14091012 | 6688955 | 74020507 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 145 | 108842691 | 119 | 61234558 | 56.25% | 82.06% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2023 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8-1 വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

## 1-8-2 “280000000-Prior Period Item”- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | (190409) |
| 280800201-Prior Period-Administrative Expenses | (1253476) |
| 280800601-Prior Period- Revenue Grants And Contributions | (4280000) |
| 280800701-Prior Period- Miscellaneous Expenses | (358545) |

## 1-8-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalent ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9134013 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10867648രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-4 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല.

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല

| ശീർഷകം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ |
|---|---|

| | B-7പ്രകാരം 31/3/2022 ലെ നീക്കിയിരിപ്പ് |
|---|---|
| 340100101- Contractors EMD | 7250 |
| 340100102- Suppliers EMD | 7000 |
| 340100103- Bidders EMD | 362025 |
| 340100201- Contractors SD | 1310 |
| 340100202- Suppliers SD | 1500 |
| 340100203- Bidders SD | 259837 |
| 340100301- Contractors Retention | 369551 |
| 340109901- Other Deposit | 81577 |
| 340200101- Rent Deposit | 376348 |

### 1-8-6 അഡ്വാൻസ് രജിസ്റ്റർ കൃത്യമല്ല

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല

| ശീർഷകം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 31/3/2022 നീക്കിയിരിപ്പ് |
|---|---|
| 46050021- Advance To Implimenting Agencies,Deposit With KWA | 181419 |

### 1-8-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-8-8 ഗ്രാന്റുപയോഗിച്ച് ആസ്തി നിർമാണം - " Capital Contribution" ശീർഷകത്തിലേക്ക് മാറ്റുന്നില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി - 01/11.04.2023)

### 1-8-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യു വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

### 1-8-10 വാടക ഡിമാന്റ് രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

**1-8-11 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ,വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-9 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

1) 2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 18 പ്രകാരം സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. തുകകൾ യഥാസമയം അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും അതേ ദിവസം തന്നെ ഡേബുക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ സ്വീകരിച്ച പണം ബാങ്കിൽ അടവാക്കി ദിവസങ്ങൾക്കുശേഷമാണ് സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം തുക എന്നാണ് യഥാർത്ഥത്തിൽ സ്വീകരിച്ചതെന്ന് കൃത്യമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | തുക | സാംഖ്യയിൽ രേഖപ്പെടുത്തിയ തിയതി | ബാങ്കിൽ അടവാക്കിയ തിയതി |
|---|---|---|---|---|
| 1 | 122040100032 | 14265 | 20.09.2022 | 02.09.2022 |
| 2 | 121040100027 | 1000 | 23.02.2023 | 11.02.2023 |
| 3 | 121040100030 | 4130 | 23.02.2023 | 11.02.2023 |
| 4 | 121040100029 | 26000 | 23.02.2023 | 11.02.2023 |

2) ഫ്രണ്ട് ഓഫീസിൽ ഇന്ററപ്റ്റഡ് രസീതി നൽകുന്നതിനായി മാന്വൽ രസീതുകൾ നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സാംഖ്യ രസീതുകളിൽ പ്രിന്റ് വരാത്ത സാഹചര്യത്തിൽ മാന്വൽ രസീതു നൽകുന്നതിനു പകരം സാംഖ്യ രസീതിൽ എഴുതി നൽകിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീതു നമ്പർ/തിയതി | തുക |
|---|---|---|
| 1 | 122040100029/17.08.2022 | 3000 |
| 2 | 122040100031/17.09.2022 | 1000 |
| 3 | 122040100035/06.10.2022 | 26000 |
| 4 | 122040100045/01.12.2022 | 2714 |

3) കേരള ട്രഷറി കോഡ്, വാല്യം 1, ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 പ്രകാരം പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ പണം ഒടുക്കുന്ന ആൾക്ക് രസീത് നൽകേണ്ടതും രസീത് ബുക്കുകളുടെ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്.
മാന്വൽ രസീതു പുസ്തകങ്ങളുടെയും സാംഖ്യ രസീതുകളുടേയും സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കേണ്ടതും മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 16/13.04.23 നു മറുപടി ലഭ്യമാക്കിയിട്ടില്ല).

**1-10 വാടക പിരിവ് - അപാകതകൾ പരിഹരിക്കേണ്ടതാണ്.**

1.വാടക രജിസ്റ്ററിൽ 2021-22 വർഷത്തെ ഡി.സി.ബി തയ്യാറാക്കി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 456183 രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നിയമാനുസൃത നോട്ടീസ് നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.4.23) മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2.ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം 19 കെട്ടിടങ്ങൾ/ മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്.
പ്രസ്തുത മുറികളുടെ സമഗ്ര വിവരം ബോധ്യപ്പെടുന്ന രീതിയിലല്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. ഇൻഡക്സിൽ വാടകക്കു നൽകുന്ന കെട്ടിടമുറികളുടെ വിവരം, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ/ പഞ്ചായത്തിന്റെ പേര്, വാർഡ് നം, കെട്ടിടനം, മുറി നമ്പർ, വാടകക്കാരന്റെ സ്ഥാപനത്തിന്റെ പേര്, എഗ്രിമെന്റ് തിയതി, ഈടാക്കുന്ന വാടക എന്നിവ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.4.23) നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
(I)അന്നനാട് ഗ്രാമ മന്ദിരത്തിൽ നിന്നും 5/ 21 മുതൽ 2/ 22 വരെ വാടക ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അവ്യക്തമാണ്.9/21 മുതലാണ് കർഷക സമിതിക്ക് നൽകിയതെന്ന് മറുപടിയിൽ പറയുന്നു. ഗ്രാമ മന്ദിരത്തിൽ രണ്ട് മുറികൾ വാടകക്ക് നൽകിയതിൽ കർഷക സമിതിക്ക് നൽകിയതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.
(Ii)വനിതാ ഇൻഡസ്ട്രിയൽ ബിൽഡിംഗ് കൂവക്കാട്ടുകുന്ന് കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്. 4/ 2017 മുതൽ ഒഴിഞ്ഞു കിടക്കുന്നു. പ്രസ്തുത കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന്

മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടമാണോയെന്ന് ഉറപ്പു വരുത്തി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(Iii)ന്യൂ സ്റ്റാർ ലെതർ മേക്കിംഗ് യൂണിറ്റ് പരിയാരം 9/ 2017 മുതൽ പ്രവർത്തിക്കുന്നില്ല. ടി മുറി കൂവ്വക്കാട്ടുകുന്ന് കെട്ടിടത്തിൽ ഉള്ളതാണോയെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത മുറി പരിയാരം ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതാണെന്ന് മറുപടി നൽകി. രജിസ്റ്ററിൽ മറ്റുവിശദശാംശങ്ങൾ കൂടി രേഖപ്പെടുത്തി കാലികമാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടമാണോയെന്ന് ഉറപ്പു വരുത്തി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(Iv)സുജീവനം ജൈവ കാർഷിക ഉൽപാദന വിപണന സമിതി ഇക്കോ ഷോപ്പ് 4/ 21 നു ശേഷം വാടക ലഭ്യമായിട്ടില്ല. നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിന് കത്തു നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(V)ബ്ലോക്ക് പഞ്ചായത്ത് അനക്സ് കെട്ടിടത്തിലെ മുറികളുടെ വിവരം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.4.23) ലഭ്യമാക്കിയ മറുപടി പരിശോധിച്ചു. അനക്സ് കെട്ടിടത്തിലെ മുറികളുടെ വിവരവും രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക വരുത്തിയവരിൽ നിന്നും ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. മുറികളിൽ ഒഴിവായി കിടക്കുന്നവക്ക്( 417 E, F) ലേല നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(VI)ബേബി ക്രഷ് 8.4.21 ൽ വാടക അടവാക്കി. സ്ഥാപനത്തിന് കത്തു നൽകിയതായി മറുപടിയിൽ പറയുന്നു. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

(VII)പോട്ട വനിതാ ഹോസ്റ്റൽ പ്രവർത്തനക്ഷമമാണോ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

(VIII)ബ്ലോക്ക് യൂണിയൻ മഹിളാ സമാജം സ്റ്റിച്ചിങ്ങ് യൂണിറ്റ് ഏതു കെട്ടിടത്തിൽ ഏതു മുറിയിൽ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ, നിലവിൽ അവിടെ കുടുംബശ്രീ മിഷൻ റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നുവെന്ന് പറയുന്നു. കെട്ടിടം ഏതാണെന്നും എവിടെ സ്ഥിതി ചെയ്യുന്നുവെന്നും വ്യക്തമാക്കേണ്ടതാണ്.

(IX)വൈന്തലയിലെ DWRCS കെട്ടിടം 2021-22 വർഷത്തിൽപുനരുദ്ധാരണം നടത്തിയിട്ടുണ്ടെന്ന് മറുപടി തന്നു. പ്രസ്തുത കെട്ടിടവും ഉപയോഗക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകക്ക് നൽകിക്കൊണ്ടിരിക്കുന്ന അല്ലെങ്കിൽ നൽകാവുന്ന കെട്ടിടങ്ങളുടെ സമഗ്ര വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും, വാടക വരുമാനം വർദ്ധിപ്പിക്കാനും കുടിശ്ശിക ഈടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 കുടുംബശ്രീ വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിൻ പശുവളർത്തൽ -അപാകതകൾ

കുടുംബശ്രീ വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിൻ പശുവളർത്തൽ -വായ്പ അനുവദിയ്ക്കൽ എന്ന പദ്ധതിയിൽ താഴെപറയും വിധം ചെലവുണ്ട്.

5 വനിതകൾ ഉൾപെട്ട ഒരു ഗ്രൂപ്പിന് 5പശുക്കളെ വാങ്ങിയതിന് ഒന്നിന് 30000 എന്ന നിരക്കിൽ ഓരോഗ്രൂപ്പിനും 150000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ | വനിതാഗ്രൂപ്പ്, വൗച്ചർ നമ്പർ തിയതി | തുക | തുക കൈപറ്റിയത് |
|---|---|---|---|---|
| 1 | 40/22 | 22100789/ 19.03.2022 150000 | 150000 | പ്രിയകുടുംബശ്രീ |
| 2 | 〃 | 22100727/ 26.03.2022, 450000 | 150000 | വൈഗകുടുംബശ്രീ |
| 3 | 〃 | | 150000 | ലയകുടുംബശ്രീ |
| 4 | 〃 | | 150000 | കാടുകുറ്റി സർവ്വീസ് സഹകരണബാങ്ക് (ചൈതന്യ കുടുംബശ്രീ) |
| 5 | 153/22 | 22100763/ 14.03.2022 | 150000 | ജനനികുടുംബശ്രീ |
| 6 | 〃 | 22100749/ 11.03.2022 | 150000 | കാടുകുറ്റി സർവ്വീസ് സഹകരണബാങ്ക് (ആദിത്യ കുടുംബശ്രീ) |
| 7 | | 22100720/ 26.03.2022 | 123605 | കാടുകുറ്റി സർവ്വീസ് സഹകരണബാങ്ക് (മരിയ കുടുംബശ്രീ) |

| | | | | |
|---|---|---|---|---|
| | 〃 | 22100678/ 26.03.2022 | 26395 | കാടുകുറ്റി സർവ്വീസ് സഹകരണബാങ്ക് (മരിയ കുടുംബശ്രീ) |

സർക്കാർ ഉത്തരവ് (കൈ) നമ്പർ22/2018/തസ്വഭവ /14.02.2018ഖണ്ഡിക 6.2 ലെ കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ അക്കൌണ്ടിലേയ്ക്കാണ് തുക നൽകേണ്ടത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ലോൺ അധിഷ്ഠിത പ്രോജക്റ്റ് ആയതിനാൽ സബ്സിഡിതുക ബാങ്കിലേയ്ക്ക് നൽകുകയാണ് ചെയ്തതെന്നാണ് ഇക്കാര്യത്തിൽ നൽകിയ 04/12.04.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയത്. ലോൺതുകയും സബ്സിഡിയും ചേർന്നതുക പശുക്കളെ വിതരണം ചെയ്ത വ്യക്തികളുടെ അക്കൌണ്ടിലേയ്ക്ക് ബാങ്കിൽനിന്ന് കൈമാറുകയാണ് മാർഗ്ഗരേഖാ നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമം. എന്നാൽ ഇപ്രകാരം പശുക്കളെ വിതരണം ചെയ്ത വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് ബാങ്കിൽനിന്ന് തുക കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖാ നിബന്ധനകൾ പാലിക്കേണ്ടതാണ് .

## 1-12 പട്ടികജാതിവിദ്യാർത്ഥികൾക്കുള്ള പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതിവികസന ഓഫീസർ നടപ്പാക്കിയ പട്ടികജാതിവിദ്യാർത്ഥികൾക്കുള്ള പഠനമുറി-നിർമ്മാണം എന്ന 24/22 നമ്പർ പദ്ധതിയിൽ തുക കൈപറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| ക്രമനമ്പർ | ഗുണഭോക്താവ് | വൗച്ചർ നമ്പർ തിയതി,തുക | ആകെതുക |
|---|---|---|---|
| 1 | ആദിത്യൻ.പിവി, S/O വിപിൻകുമാർ, അന്നനാട് | 22100561/08.02.2022-50000 | 50000 |
| 2 | അജയ്ഘോഷ്, S/Oരാജീവ്, വെറ്റിലപ്പാറ | 22100595/15.12.2021-50000<br>22100728/24.03.2022-75000 | 125000 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറിനമ്പർ 13/13.04.2023).

## 1-13 പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

പ്രോജക്ട് നം., പേര് -2/22, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ

നിർവഹണോദ്യോഗസ്ഥ – സെക്രട്ടറി
ഫണ്ട് –വികസനഫണ്ട്, ജനറൽ

മേല്പറഞ്ഞ പ്രോജക്ടിൽ പത്രങ്ങളിൽ പരസ്യം നൽകിയതിൽ പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ. 04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ:

| ക്രമ നം | വൗച്ചർ നം., തീയതി തുക | നൽകിയ തുക, (ജി.എസ്.ടി ഒഴികെ), പത്രം | ലഭിക്കേണ്ട ഡിസ്കൗണ്ട് 15% |
|---|---|---|---|
| 1 | 22100402/04.08.2021 -15,540/- | 14,800 (മാതൃഭൂമി) | 2220 |
| 2 | 22100454/12.10.2021 -21,756/- | 8,880/- (മാതൃഭൂമി) | 1,332 |
| 3 | 22100504/18.11.2021 -24,592/- | 23,440/- (മാതൃഭൂമി-20,720, ദീപിക-2,720) | 3,516 |
| 4 | 22100486/03.12.2021 -5,672/- | 5,672/ (ദീപിക) | 851 |
| 5 | 22100510/29.12.2021 33,761/- | 32,172 (മാതൃഭൂമി-29,252, ദീപിക-2,720) | 4,826 |
| 6 | 22100592/20.01.2022 9703/- | 9,255/- (മാതൃഭൂമി-7,215, ദീപിക-2,040) | 1,388 |

| | | | |
|---|---|---|---|
| 7 | 22100768/17.03.2022 29,185/- | 8,880/- (മാതൃഭൂമി) | 1,332 |
| | | ആകെ | 15,465/- |

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/11.04.2023) മറുപടിയായി സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമെന്നറിയിച്ചു. ഡിസ്കൗണ്ട് ലഭിക്കുവാനുള്ളത് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

**1-14 ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചത് തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു**

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുൾക്കായി വാട്ടർ അതോറിറ്റിയ്ക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയ ഡെപ്പോസിറ്റ് തുകകളിൽ ചെലവു തുകയേക്കാൾ അധികം വന്ന തുക തിരികെ ലഭിച്ചത് തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിയ്ക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | വൗച്ചർ നം, തിയതി, തുക | ചെലവഴിച്ച തുക | ബാലൻസ് ലഭിച്ച തുക | ചെക്ക് നം,തിയതി |
|---|---|---|---|---|---|
| 1 | 164/22, മേലൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 2 കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് | 22100794/22.12.2021 5,00,000/-(Tied Grant) | 3,59,605/- | 1,40,395/- | 196240/05.08.2022 |
| 2 | 177/22 , വെട്ടുകടവ് ചെക്ക് ഡാം കലവറക്കടവ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 1 മേലൂർ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 22100750/05.03.2022 5,00,000/-(Spill Over) | 3,65,812/- | 1,34,188/- | 196246/06.08.2022 |
| 3 | 178/22, മുരിങ്ങൂർ പഴയ മണൽ കടവ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 14 മേലൂർ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് | 22100747/05.03.2022 5,00,000/-(Spill Over) | 3,91,013/- | 1,08,987/- | 196240/05.08.2022 |

തുക അതാത് ഹെഡിലേയ്ക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.07/12.04.2023).

**1-15 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല**

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം., പേര് | ഫണ്ട് | വൗച്ചർ നം,തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 1/22, ഐ കെ എം വിഹിതം നൽകൽ | വികസനഫണ്ട്, ജനറൽ | 22100371/07.06.2021 56014 | ഐ കെ എം ന് നൽകിയത് |

| | | | | |
|---|---|---|---|---|
| 2 | 17/22 ,ക്യാൻ തൃശൂർ 21-22 ജില്ലാ പഞ്ചായത്തിനു വിഹിതം നൽകൽ | വികസനഫണ്ട്, ജനറൽ | 22100599/14.01.1022 50000/- | തൃശൂർ ജില്ലാ പഞ്ചായത്തിനു നൽകിയത് |
| 3 | 20/22, കൊട്ടാരക്കര കില സി എച്ച് ആർ ഡിയിൽ വനിത ഹോസ്റ്റൽ നിർമ്മാണത്തിനുള്ള തുക | തനതുഫണ്ട് | 22100064/30.06.2021 300000/- | കിലയ്ക്ക് നൽകിയത് |
| 4 | 30/22, പാറകുന്ന് എസ് സി കോളനി റോഡ് പരിയാരം ഗ്രാമപഞ്ചായത്തിനു വിഹിതം | വികസനഫണ്ട്, എസ് സി പി | 22100785/08.02.2022 300000/- | പരിയാരം ഗ്രാമ പഞ്ചായത്തിന് നൽകിയത് |
| 5 | 22/22, വൈലാത്ര എസ് സി കോളനി കുടിവെള്ളപദ്ധതി എക്സ്റ്റഷൻ കോടശ്ശേരി ഗ്രാമപഞ്ചായത്തിനു വിഹിതം | വികസനഫണ്ട്, എസ് സി പി | 22100555/05.01.2022 300000/- | കോടശ്ശേരി ഗ്രാമ പഞ്ചായത്തിന് നൽകിയത് |
| 6 | 127/22, പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്കു വിഹിതം | വികസനഫണ്ട്, ജനറൽ | 22100733/08.2.2022 380000 | കൊരട്ടി ഗ്രാമ പഞ്ചായത്തിന് നൽകിയത് |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.2/11.04.2023).

**1-16 കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് നം, പേര്-120/22, ബ്ലോക്ക് ഓഫീസിലും ഘടകസ്ഥാപനങ്ങളിലും ഇലക്ട്രോണിക് ഉപകരണങ്ങൾ മേൽ പ്രൊജക്ടിൽ കെൽട്രോണിന് താഴെപ്പറയുംപ്രകാരം തുക നൽകിയിട്ടുണ്ട്. (മെയിന്റനൻസ്-നോൺ റോഡ്)

| വൗച്ചർ നം.തിയതി | തുക | അപാകങ്ങൾ |
|---|---|---|
| 22100629/16.02.2022 | 1,28,397 | 3 കമ്പ്യൂട്ടറുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത വിശദാംശങ്ങളില്ല. |
| 22100614/16.02.2022 | 24,356 | സ്കാനർ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക നല്കി. ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ഇല്ല. സ്റ്റോക്കിലെടുത്ത വിശദാംശങ്ങളില്ല. |

ഉപകരണങ്ങൾ ലഭ്യമാക്കിസ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.9/12.04.2023).

**1-17 മുൻകൂർ തുക കൈമാറി; നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.**

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി .എച് .സി നടപ്പിലാക്കിയ പദ്ധതികളായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് 2021-22 (Proj.No:68/22), ആരോഗ്യസ്ഥാപനത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (Proj.No:57/22), സെക്കണ്ടറി പെയിൻ പാലിയോറ്റീവ് കെയർ(Proj.No:53/22), എന്നീ പദ്ധതികളിലായി 501563 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് താഴെ ചേർക്കും പ്രകാരം മുൻകൂർ കൈമാറിയിട്ടുണ്ട്.

<u>തുക വൗച്ചർ നമ്പർ</u>

1, 88291 – 22100478/2.11.21
2, 72360 – 22100607/05.01.22
3, 15656 – 22100587 /31.01.22
4, 25256 – 22100591/31.01.22
5, 244765 – 22100511/18.12.21
6, 55235 – 22100608/18.12.21

ആയതിൽ ഇനിയും ലഭ്യമാകാനുള്ള മരുന്നുകളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/12.04.23) 2,24,749 രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ആയത് പൂർണ്ണമായും ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.**

നിർവ്വഹണ ഉദ്യോഗസ്ഥൻ:അസി.എഞ്ചിനീയർ

22.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/Fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രതിഫലം കണക്കാക്കി നൽകിയത് ജി.എസ്.ടി ഉൾപ്പെട്ട തുകയ്കാണ്. ഇപ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ/ പേര് | എസ്റ്റിമേറ്റ് തുക (PAC) | എസ്റ്റിമേറ്റ് തുകയുടെ 4% നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക | ബിൽ വിശദാംശം |
|---|---|---|---|---|---|---|
| 1. | 52/22<br>അനക്സ് ബിൽഡിംഗ് രണ്ടാം നില ഇലക്ട്രിഫിക്കേഷൻ | 248190 | 9928 | 11119 | 1191 | 287406<br>Vr.No:22100597/21.1.22 |
| 2. | 63/22<br>സി.എച്ച്.സി എലിഞ്ഞിപ്ര<br>2nd ഫ്ലോർ കംപ്ലീഷൻ | 97861 | 3914 | 4384 | 470 | 107359<br>Vr.No:22100522/24.12.21 |
| 3. | 169/22<br>അന്നനാട് ഗ്രാമ മന്ദിരം 4 റൂം കണക്ഷൻ | 74246 | 2970 | 3326 | 356 | 85563<br>Vr.No:22100499/21.12.21 |
| 4. | 168/22<br>മേലൂർ ബഡ്സ് റിഹാബിലേറ്റഷൻ ട്രെയിനിംഗ് സെന്റർ ഇലക്ട്ട്രിഫിക്കേഷൻ | 166365<br>158378 | 6655<br>6335 | 7453<br>7095 | 798<br>760 | 183515<br>Vr.No:22100560/9.2.22<br>198323<br>Vr.No:22100598/9.3.22 |

മേൽ പ്രകാരം അധികം നൽകാൻ ഇടയായ തുകകൾ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (5/12.4.23) മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-19 നിർമാണം പൂർത്തിയായ കെട്ടിടങ്ങൾ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.**

അസി.എക്സി.എഞ്ചിനീയറും, അസി.എഞ്ചിനീയറും നിർവ്വഹണ ഉദ്യോഗസ്ഥരായി പൂർത്തിയാക്കിയ / ഏതാനും പ്രവൃത്തികൾ അവശേഷിക്കുന്ന കെട്ടിട നിർമ്മാണ പ്രൊജക്ടുകൾ പ്രകാരമുള്ള കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(14/13.4.23) നൽകിയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുക എന്ന ചുമതല അസി.എക്സി.എഞ്ചിനീയർ /അസി.എഞ്ചിനീയർ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതു പ്രകാരം സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വിശദീകരണം ലഭ്യമായിട്ടില്ല. താഴെ പറയുന്ന കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് റിമാർക്സിൽ പറയുന്ന കാര്യങ്ങളിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്റ്റ് വിശദാംശം | നിലവിലെ അവസ്ഥ/ ഓഡിറ്റ് റിമാർക്സ് |
|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എക്സി . എഞ്ചിനീയർ | |
| 1. | Proj. No:145/22 ബഡ്സ് റിഹാബിലിറ്റേഷൻ & ട്രെയിനിംഗ് സെന്റർ, | 133.66m2 തറ വിസ്തീർണത്തിൽ പണിത കെട്ടിടം;കെട്ടിടത്തിന്റെ അനുബന്ധ പ്രവൃത്തികൾക്കായി 2023 - 24 പദ്ധതിയിൽ 5 ലക്ഷം |

| | | |
|---|---|---|
| | മേലൂർ ഗ്രാപ<br>Agmt No: 41/AEE /LSGD/CKDY/2019-20 Dt:6.3.20<br>ചെലവു തുക : 1006494<br>കോൺട്രാക്ടർ: വി.എൽ പോളച്ചൻ | രൂപ (Proj.No:191/23) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 2. | Proj. No:144/22 ബ്ലോക്ക് പഞ്ചായത്ത് അനക്സ് ബിൽഡിംഗ് ഒന്നാം നിലനിർമ്മാണം<br>Agmt No: 56/AEE /LSGD/CKDY/2019-20 Dt:9.6.20<br>ചെലവു തുക :455858<br>കോൺട്രാക്ടർ: ജിബിൻ ജേക്കബ്ബ് | നിർമ്മാണവും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ മൂന്ന് ഘടക സ്ഥാപനങ്ങൾ SCDO, DEO, ICDS ഓഫീസുകൾ പ്രവർത്തിക്കുന്നതിന് 19 ലക്ഷം രൂപയുടെ പ്രവൃത്തി(Proj.No:196/23) എഗ്രിമെന്റ് വെച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി ഓഫീസുകൾ അങ്ങോട്ടു മാറ്റി വിവരം അറിയിക്കേണ്ടതാണ്. |
| 3. | വനിതാ സംരംഭക പദ്ധതി സെന്റർ (തൻ വർഷ പ്രൊജക്റ്റല്ല)തൻ വർഷം ചെലവില്ല. | അനക്സ് ബിൽഡിംഗ് ഒന്നാം നിലയോട് ചേർന്ന് വനിതാ സംരംഭക പദ്ധതി സെന്റർ എന്ന പേരിൽ 214. 26 സ്ക്വയർ മീറ്ററിൽ രണ്ടു ഹാളുകൾപണിതിട്ടുണ്ട്. പ്രസ്തുത ഹാൾ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. വനിതകളുടെ സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി സംരംഭക പദ്ധതികൾക്കുള്ള കെട്ടിട നിർമ്മാണം നടത്തുക എന്നതായിരുന്നു 2019 - 20 ൽ ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ ലക്ഷ്യമെന്ന് അസി.എക്സി.എഞ്ചിനിയർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി.<br>2020-21 ൽ പൂർത്തിയായ പ്രൊജക്റ്റിന് മൊത്തം 25,66,696 രൂപ ചെലവാക്കിയിട്ടുണ്ട്.<br>വനിതാ സംരംഭകർക്ക് സംരംഭം തുടങ്ങുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതി 2017-18 ലോ അതിനു ശേഷമോ ബ്ലോക് പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടോ ? ബ്ലോക് പഞ്ചായത്തിന്റെ മിനുട്സ്, പദ്ധതി രേഖകൾ എന്നിവ പരിശോധിച്ചതിൽ ഏതെങ്കിലും സംരംഭക പ്രോൽസാഹന പ്രൊജക്റ്റ് ബ്ലോക് പഞ്ചായത്ത് ആവിഷ്ക്കരിച്ചതായി കാണുന്നില്ല.<br>വനിത സംരംഭക പദ്ധതികൾ ആവിഷ്കരിക്കാതെ കെട്ടിടം പണിതു വെറുതെയിടുന്നത് പൊതു പണത്തിന്റെ ദുർവ്യയമാണ്.<br>വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. |
| | നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ | |
| 4. | (I)133/ 22 ചിറങ്ങര പകൽ വീട് അടിസ്ഥാന സൗകര്യ വികസനം<br>ചെലവു തുക :494350<br>(Ii) 142/ 22 കൊരട്ടി തിരുമുടിക്കുന്ന് വനിത ഉൽപ്പന്ന വിതരണ സംഭരണ കേന്ദ്രംപെയിന്റിംഗ്<br>ചെലവു തുക :123731<br>(Iii) 58/22വനിത ഹോസ്റ്റൽ പുനരുദ്ധാരണം | 5 ൽ 4 പ്രവൃത്തികളും പൂർത്തീകരിച്ചതായി അസി.എഞ്ചിനീയർ മറുപടി നൽകി. DWCRA കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിൽ ഭരണ സമിതിക്ക് നിർണ്ണായക പങ്കുവഹിക്കാനുണ്ട്. മേൽ സൂചിപ്പിച്ചതു പോലെ സെക്രട്ടറി രേഖകൾ സഹിതമുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. |

| | |
|---|---|
| പെയിന്റിംഗ്<br>ചെലവു തുക :194759<br>(Iv)169/22 അന്നനാട് ഗ്രാമ മന്ദിരം കാടുകുറ്റി ഇലക്ട്രിഫിക്കേഷൻ<br>ചെലവു തുക :85563<br>(V)184/22<br>കാടുകുറ്റി<br>വൈന്തലയിലെ DWCRA കെട്ടിടം പുനരുദ്ധാരണം<br>തൻ വർഷം ചെലവില്ല. | |

**1-20 ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടുകൾ-പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.**

ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാനചുമതലകളിൽ ഒന്നാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിക്കലും പരിപാലനവും.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172(1) പ്രകാരമുള്ള നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഒന്നിലധികം ഗ്രാമ പഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്തിനാണ്. പ്രസ്തുത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കേണ്ടതുമാണ്.

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/13.4.23) മറുപടി പരിഗണിച്ച ശേഷമുള്ള നിരീക്ഷണം ചുവടെ ചേർക്കുന്നു.

(I)131 /22 കോവിലകം പടി LI മേലൂർ ഗ്രാ. പ

ചെലവു തുക : 254901

(Ii) 97/ 22 , 146/ 22

കൂട്ടാലക്കടവ് LI എക്സ്റ്റൻഷൻ കാടുകുറ്റി ഗ്രാമ പഞ്ചായത്ത്

ചെലവു തുക : 326154, 580129

(Iii) 130/ 22 കാതിക്കുടം LI കാടുകുറ്റി ഗ്രാമ പഞ്ചായത്ത്

ചെലവു തുക : 337693

ക്രമ .നം. (I)ൽ പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായും 2023 - 24 വാർഷിക പദ്ധതിയിൽ പൈപ്പ് ലൈൻ മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയതായും (Proj.No: 75/.23)മറുപടി ലഭ്യമാക്കി.

ക്രമ.നം (I),(Iii) പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ഭരണ സമിതിയെ അറിയിച്ചതായി അസി.എഞ്ചിനീയർ പറയുന്നു. മേൽ പ്രൊജക്ടുകൾ പ്രവർത്തനക്ഷമമാക്കി തുടർ പരിപാലനം നിരീക്ഷിക്കേണ്ടത് സെക്രട്ടറിയാണ്. പദ്ധതിമാർഗ്ഗരേഖ നിർദ്ദേശമനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചാൽ ഗുണഭോക്തൃ സമിതിയെ തുടർ പരിപാലനം ഏൽപ്പിക്കേണ്ടതാണ്. സെക്രട്ടറി മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും പ്രൊജക്റ്റു സൈറ്റുകളിൽ ജലസേചനം നടക്കുന്നുണ്ടോയെന്നതും ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല.

**4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല.

**4-3 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല.

**4-4 വായ്പ/ വായ്പ തിരിച്ചടവ്**

ഇല്ല.

**4-5 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല.

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം**

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പൂർണ്ണമല്ല. ഇപ്പോഴത്തെ അവസ്ഥ പ്രതിപാദിച്ചത് മാത്രമാണ് ചുവടെ ചേർത്തിട്ടുള്ളത്. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിശദാംശം കൃത്യത ഉറപ്പു വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-7 | വിവരം ലഭ്യമാക്കിയില്ല. | വിവരം ലഭ്യമാക്കിയില്ല. | കൂവക്കാട്ടുകുന്ന് എൽ.ഐ .എസ് ഫീൽഡ് ചാനൽ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. | ടി പദ്ധതിയുടെ മോട്ടോറിനും അനുബന്ധ പാനൽ ബോർഡിനും പമ്പിംഗ് ചെയ്യുന്ന പൈപ്പുകൾക്കും 2018 ലെ വെള്ളപൊക്കത്തിൽ ഗുരുതരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതു മൂലം ടി പദ്ധതി ഇപ്പോൾ പ്രവർത്തനരഹിതമാണ്. പദ്ധതി ഫയലുകൾ നിയമസഭാ സമിതിയിൽ സമർപ്പിച്ചിരിക്കുന്നു. സമിതിയുടെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരികുന്നതാണ്. |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83870360.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74736347.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

**4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ**

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 To 1997-98 | എൽ.എഫ്.ടി(7)-375/99 തീ.29.11.99 | 6 | 18, 34, 44, 61 | CAR |
| | | | | 58(b, C, D, E), 52 | |
| 2 | 1998-99 | എൽ.എഫ്.ടി(7)-211/2000 തീ.7.8.2000 | 9 | 22(e) | Case |
| | | | | 22(f) | CAR |
| | | | | 27 | CAR |
| | | | | 28ഐ(11,19,20,21,25,26) | CAR |
| 3 | 1999-2000 | എൽ.എഫ്.ടി(14)-501/04 തീ.28.10.04/ 5.1.05 | 2 | 5 | CAR |
| | | | | 6 | |
| 4 | 2001-02 | എൽ.എഫ്.ടി(14)-504/04 തീ.28.10.04/ 11.01.05 | 6 | 2-1, 2-2, 2-3, 2-6, 2-9-2, 2-10 | |
| 5 | 2002-03 | എൽ.എഫ്.ടി(14)-454/06 തീ.19.06.06/ 3.01.07 | 3 | 3-8, 3-10 | CAR |
| | | | | 3-6 | |
| 6 | 2003-04 | എൽ.എഫ്.ടി(14)-453/06 തീ.20.06.06/ 3.1.07 | 7 | 3-9, 3-10, 3-11, 3-12, 3-13(1,2), 3-14, | CAR |
| | | | | 3-15 | |
| 7 | 2004-05 | എൽ.എഫ്.ടി(21)-2152/07 തീ.21.02.09/ 8.5.09 | 2 | 3-7, 3-10 | |
| 8 | 2005-06 | എൽ.എഫ്.ടി(21)-2367/07 തീ.21.02.09/ 8.5.09 | 2 | 3-11 | CAR |
| | | | | 3-15 | |
| 9 | 2006-07 | എൽ.എഫ്.ടി(ബിപി)-882/11 തീ.1.12.11/ 30.03.12 | 2 | 3-6, 3-7 | |
| 10 | 2007-08 | എൽ.എഫ്.ടി(ബിപി)-883/11 തീ.1.12.11/ 30.3.12 | 1 | 3-4(a,B) | |
| 11 | 2009-10 | എൽ.എഫ്.ടി(ബിപി)- 885/11 തീ.01.12.11/ 30.03.2012 | 1 | 3-2 | |
| 12 | 2010-11 | എൽ.എഫ്.ടി(ബിപി)-2279/12 | 4 | 3-2(a,B,C) | |

| | | | | | |
|---|---|---|---|---|---|
| | | തീ.4.3.13/<br>15.6.13 | | 3-3(1,5,6,8,9), 3-4 | |
| | | | | 3-7 | CAR |
| 13 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-1703/15<br>തീ.01.06.16/<br>3.02.16 | 3 | 3-8 | |
| | | | | 3-9(2,4,5) | |
| | | | | 3-12 | CAR |
| 14 | 2014-15<br>&<br>2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-638/17<br>തീ.18.05.17 | 1 | 3-12(1,2,3) | |
| 15 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-1732/17<br>തീ.4.12.17/<br>11.1.18 | 6 | 3-1, 3-4, 3-5, 3-6, 3-12 | |
| | | | | 3-3 | |
| 16 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-1958/18<br>തീ.11.2.19/<br>26.3.19 | 12 | 2-3, 3-1, 3-2, 3-5(2), 3-6, 3-7(1,3), 3-8, 3-10, 3-11, 3-12, 3-13, 3-15 | |
| 17 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-960/19<br>തീ.02.8.19 | 28 | 2-1, 2-2,2-3,2-4,2-5, 3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14, 3-15,3-16,3-17,3-18, 3-19,3-20,3-21,3-22, 3-23 | |
| 18 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി 10) 42/2022, തീ. 22/03/2022 | 12 | 1-22,1-23,1-24,1-25, 1-26,1-27,1-28,1-29, 1-30,1-31,1-32,1-33 | |
| 19 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (പി 10) 43/2022, തീ. 22/03/2022 | 8 | 1-20,1-21,1-22,1-23, 1-24,1-25, 1-26,1-27 | |
| | **ആകെ** | | **115** | | |

ജോയിന്റ് ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്